LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പരിഷ്കരണം

227 (4513) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പരിഷ്കരണം സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരം കുറയുന്ന സാഹചര്യം കണക്കിലെടുത്ത്, പ്ലേസ്മെന്റ് വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരം നേടിക്കൊടുക്കുന്നതിനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിനും വേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കുകയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർവൽക്കരണവും സോഫ്റ്റ് വെയർ ഡെവലപ്മെന്റും നടത്തിവരികയും ചെയ്യുന്നു.

കച്ചവടസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ അവകാശ സംരക്ഷണം

228 (4514) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കച്ചവടസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ അവകാശ സംരക്ഷണ കാര്യത്തിൽ തൊഴിൽ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ട്; വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഇവരുടെ ജോലി സമയത്തിന്റെ കാര്യത്തിൽ നിയന്ത്രണം നിലവിലുണ്ടോ ; എങ്കിൽ ആയത് വ്യക്തമാക്കുമോ;

(സി) ഇടപാടുകൾ നടക്കാത്ത സമയത്തുപോലും ഇരിക്കാനുള്ള സൗകര്യം നല്കാതെ പ്രസ്തുത തൊഴിലാളികൾ മണിക്കൂറുകൾ തുടർച്ചയായി നിൽക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നിയമ നടപടിക്ക് ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?